[Mr. P. Govinda Menon]

അധഃകൃതരെന്നോ പാവപ്പെട്ടവരെന്നോ ഉള്ള കാരണത്താൽ തുണി കൊടുക്കാതിരുന്നതായി യാതൊരു കുറങ്ങളും ഒരു കച്ചവടക്കാരന്റെ പേരിൽ ഇതുവരെ തെളിഞ്ഞിട്ടില്ല. സ്റ്റോക്കുവച്ചുകൊണ്ട് ആരെങ്കിലും ഏതെങ്കിലും കച്ചവടക്കാർ തുണി കൊടുക്കാതിരുന്നതായി തെളിഞ്ഞാൽ അങ്ങിനെയുള്ള കച്ചവടക്കാരുടെ പേരിൽ കർശനമായ നടപടികളും എടുത്തുവരികയും ചെയ്യുന്നുണ്ട്.

മിസ്റ്റർ കെ. കെ. കണ്ണൻ: ഈ ആക്ഷേപങ്ങളും ഏതെല്ലാം പ്രദേശങ്ങളിൽനിന്നാണ് കിട്ടീട്ടുള്ളതു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: പല ദിക്കുകളിൽനിന്നും കിട്ടീട്ടുണ്ട്.

മിസ്റ്റർ കെ. കെ. കണ്ണൻ: ഒരു സ്ഥലത്തിന്റെ പേർ പറയാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതിനു നോട്ടീസ്സുവേണം.

മിസ്റ്റർ കെ. കെ. കണ്ണൻ: ആഫീസിലൊരിക്കൽ ചെക്കുചെയ്യാവുന്നതാണോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: നോട്ടീസ്സുവേണം.

മിസ്റ്റർ കെ. കെ. കണ്ണൻ: മാസത്തിൽ എത്ര പ്രാവശ്യം ചെക്കു ചെയ്യണമെന്നാണ് order കൊടുത്തിട്ടുള്ളതു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതിനു നോട്ടീസ്സുവേണം.

മിസ്റ്റർ കെ. കെ. കണ്ണൻ: മിനിമം എത്ര വാര ശീല കൊടുക്കണമെന്നാണു നിശ്ചയം?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: മിനിമം ഇത്ര കൊടുക്കുക എന്നു കണക്കില്ല.

മിസ്റ്റർ കെ. കെ. കണ്ണൻ: മാക്സിമം എത്ര കൊടുക്കാമെന്നാണ്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അങ്ങിനെയും നിശ്ചയമില്ല.

മിസ്റ്റർ കെ. കെ. കണ്ണൻ: കൊല്ലത്തിൽ എത്ര വാര തുണിയാണു കൊടുക്കേണ്ടതു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ൧൨ വാര തുണി കിട്ടത്തക്ക വിധത്തിലാണ് ഇന്ത്യാഗവണ്മെണ്ടു് തുണികൊട്ട നിശ്ചയിച്ചിട്ടുള്ളതു്. പക്ഷെ അതുപ്രകാരം തുണി കിട്ടുന്നതറിവില്ല.

മിസ്റ്റർ കെ. കെ. കണ്ണൻ: ൬ വാര, ൧൨ വാര ഒക്കെയാണ് ഇപ്പോൾ issue ചെയ്യുന്നതു്. അതുകൊണ്ടാണ് ശരിയായി പരിശോധിക്കണമെന്നു പറഞ്ഞിട്ടുള്ളതു്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: പക്ഷെ അങ്ങിനെ വരുന്നതു് ൧൨ വാര ഒരാൾക്കു കൊടുക്കാമെന്നു നിശ്ചയമുണ്ടെങ്കിലും പലപ്പോഴും അതു മുഴുവൻ കിട്ടാനില്ലാത്തതുകൊണ്ടാണ്.

EXECUTIVE ENGINEERS—DETAILS REGARDING

367. Mr. A. Eachara Menon (*Chittur-Tattamangalam*): Will Government be pleased to state,—

(*a*) how many Executive Engineers have we in the Service now;

(*b*) how many Assistant Engineers;

(*c*) whether they remember to an enquiry some four years back, they said that it was not necessary to attach an Executive Engineer to the Chief Engineer's Office since there was scarcely work for him;

(*d*) what are the reasons for the entertainment in Service of so many Executive Engineers at present;

(*e*) what other major work than the Poringalkuthu scheme demanded the appointment of an Executive Engineer;

(*f*) what the pay of the Chief Engineer at Poringalkuthu is;

(*g*) where was he employed before he was imported here;

(*h*) what was his pay there;

(*i*) what are his qualifications;

(*j*) why is a Civil Engineer posted as an Executive Engineer at Poringalkuthu when there are qualified Mechanical Engineers in service now;

(*k*) whether the claims of Mr. Kandathil Verghese were considered when the appointments of Executive Engineers were made?

LIBRARY ARCHIVES Kerala Legislative Assembly

Rao Sahib K. Ayyappan (*Minister for Public Works*):

(*a*) 6—4 in P. W. D. and 2 in Hydro-Electric Branch.

(*b*) 16—13 in P. W. D. and 3 in Hydro-Electric Branch.

(*c*) Yes. But the situation has since undergone a thorough change.

(*d*) The increase of work in the department.

(*e*) It is general increase of works and not major works alone that necessitated the appointment of Executive Engineers.

(*f*) Rs. 1,750.

(*g*) In the Central Technical Power Board, Government of India.

(*h*) Rs. 2,350 plus allowances.

(*i*) M. I. Struct, E. M. (Am)., I.E.E., A.M.I. Mech. E.

(*j*) Because the work in the construction stage is civil engineering.

(*k*) Yes.

CO-OPERATIVE SOCIETY—MANAGEMENT OF FAIR PRICE SHOP

368. മിസ്റ്റർ കെ. കൊച്ചുകുട്ടൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെന്റ് സദയം മറുപടി പറയുമോ.—

(എ) തൃശ്ശിവപേരൂരിനടുത്തു ശിവരാമപുരം കോളനിയിൽ നടത്തിവരുന്ന പരസ്പര സഹായസംഘം പല്ലയിലെ ഒരു ന്യായവില പീടിക ഏറ്റെടുത്തു് നടത്തുന്നതിനുള്ള അനുവാദത്തിനായി അപേക്ഷിച്ചിരുന്നുവോ ;

(ബി) ഈ ന്യായവില പീടിക ഏതു പരസ്പരസഹായസംഘത്തിനാണു കൊടുത്തതു്;

(സി) ആ സംഘത്തിനു വേറെ എത്ര ന്യായവില പീടികകൾ നടത്തുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ടു്;

(ഡി) പല്ലയിലെ ഡി. സി. സൊസൈറ്റിക്കു് അനുവാദം നിഷേധിക്കുവാൻ പ്രത്യേക കാരണം വല്ലതും ഉണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഒളരിക്കര സർക്കാർ ന്യായവിലഷാപ്പു് ഏറ്റെടുത്തു നടത്തുന്നതിനു് അനുവാദത്തിനായി അപേക്ഷിച്ചിരുന്നു. എന്നാൽ മറ്റു റിട്ടെയിൽഷാപ്പു് അവർക്കു് അനുവദിക്കുകയുണ്ടായി.

(ബി) അയ്യന്തോൾ പഞ്ചായത്തു് ഗ്രൂപ്പു് പരസ്പരസഹായ സംഘത്തിനു്.

(സി) ആ സംഘത്തിനു രണ്ടു് റിട്ടെയിൽ ഷാപ്പുകൾ നടത്തുന്നതിനു മുൻപുതന്നെ അനുമതി നൽകീട്ടുണ്ടു്.

(ഡി) ടി ഷാപ്പു് നടത്തുന്നതിനു് അയ്യന്തോൾ ഗ്രൂപ്പു് പരസ്പരസഹായസംഘമാണു കൂടുതൽ പ്രാപ്തിയുള്ളതെന്നു കണ്ടതുകൊണ്ടാണു്.

THEENDAL—PENALISING OF

ചൌധരി ജി. എസ്സ്. ധാരാസിങ്ങ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെന്റ് സദയം മറുപടി പറയുമോ.—

(എ) അയിത്തം കുറേകുറമാക്കിക്കൊണ്ടു ബോംബെ ഗവൺമെന്റ് ഇയ്യിടെ പാസ്സാക്കിയ ഒരു നിയമം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇവിടേയും അതുപോലെ ഒരു നിയമം ഉടൻതന്നെ കൊണ്ടുവരുവാൻ ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ;

റാവുസാഹിബ് എ. മാധവപ്രഭു:

(എ) ഉവ്വു്.

(ബി) ഈ വിഷയം ആലോചനയിൽ ഇരിക്കുന്നു.

2. Election of members to the Public Accounts Committee—Announcement of

Mr. President: I have to announce that three members are to be elected to the Public Accounts Committee and nominations are to be received by the Secretary to the Council till 12 noon tomorrow, and election will be held on Wednesday at 1-30 p.m.

LIBRARY ARCHIVES Kerala Legislative Assembly